# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3037</u> <u>22.6.2012-ൽ മറുപടിയ്ക്ക്</u>

<u>പച്ചക്കറികൃഷി പ്രോത്സാഹിപ്പിക്കുവാൻ നടപടി</u>

| <u>ചോദ്യം</u> | <u>മറുപടി</u> |
|---|---|
| ശ്രീ. സി. എഫ്. തോമസ്<br>" റ്റി. യു. കുരുവിള<br>" തോമസ് ഉണ്ണിയാടൻ | ശ്രീ . കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് പച്ചക്കറികൃഷി പ്രോത്സാഹിപ്പിക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ; | (എ) സംസ്ഥാനത്തെ ആഭ്യന്തര പച്ചക്കറി ഉത്പാദനം വർദ്ധിപ്പിക്കുന്നതിനായി സംസ്ഥാന സർക്കാർ കൃഷി വകുപ്പ് മുഖേന പച്ചക്കറി വികസന പദ്ധതി നടപ്പിലാക്കി വരുന്നു . ഈ പദ്ധതി പ്രകാരം, വാണിജ്യാടിസ്ഥാനത്തിൽ പച്ചക്കറി കൃഷി ചെയ്യുക, സ്കൂളുകളിൽ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുക, ജലസേചന സൗകര്യങ്ങൾ ലഭ്യമാക്കുക, വീട്ടുവളപ്പിൽ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുക, സർക്കാർ/സർക്കാരേതര സ്ഥാപനങ്ങളിൽ പച്ചക്കറി കൃഷി, പ്രോജക്ട് അടിസ്ഥാനത്തിൽ നടപ്പിലാക്കുക. എന്നിവ 2011-12-ൽ നടപ്പിലാക്കിയിട്ടുണ്ട്. ഇതിനു പുറമെ ഭക്ഷ്യസുരക്ഷ പദ്ധതിയുടെ ഭാഗമായി വനിതാ ഗ്രൂപ്പുകൾ മുഖേനയുള്ള പച്ചക്കറി വികസന പദ്ധതിയും, സർക്കാരിന്റെ നൂറുദിന കർമ്മ പരിപാടിയുടെ ഭാഗമായി വീട്ടുവളപ്പിലെ പച്ചക്കറി കൃഷി വികസിപ്പിക്കുന്നതിന് 25 ലക്ഷം പച്ചക്കറി വിത്തുകിറ്റുകൾ വിതരണം ചെയ്തു. തരിശുഭൂമികൾ കൃഷിയിടങ്ങളാക്കുന്നതിനായി |

കരാർ അടിസ്ഥാനത്തിൽ വാഴ, പച്ചക്കറി, കിഴങ്ങുവർഗ്ഗങ്ങൾ എന്നിവ കൃഷി ചെയ്യുന്ന പദ്ധതിയും നടപ്പിലാക്കിയിട്ടുണ്ട്.

തിരുവനന്തപുരം ജില്ലയിൽ സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ പച്ചക്കറി കൃഷിയുടെ പ്രോത്സാഹനത്തിനായി 'വെജിറ്റബിൾ ഇൻഷ്യേറ്റീവ് ഫോർ പെരി അർബൻ ക്ലസ്റ്റേഴ്സ്' പദ്ധതി നടപ്പാക്കിയിട്ടുണ്ട്. കൂടാതെ സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ ആർ.കെ.വി.വൈ-യുടെ സാമ്പത്തിക സഹായത്തോടുകൂടി ഇടുക്കി ജില്ലയിലെ ദേവികുളം ബ്ലോക്കിലെ കാന്തല്ലൂർ, വട്ടവട പഞ്ചായത്തുകളിൽ വാണിജ്യാടിസ്ഥാനത്തിലുള്ള ശീതകാല പച്ചക്കറി കൃഷി വ്യാപിപ്പിക്കുന്നതിനായി ഒരു പദ്ധതി രൂപീകരിച്ച് ഈ സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കി വരുന്നു. കൂടാതെ വി.എഫ്.പി.സി.കെ.മുഖാന്തിരം നടപ്പു സാമ്പത്തിക വർഷം വിത്തുൽപ്പാദനത്തിന് 45 ലക്ഷം രൂപയുടെ പദ്ധതി പച്ചക്കറി വ്യാപനത്തിനായി 600 ലക്ഷം രൂപയുടെ പദ്ധതികൾ, പഴം പച്ചക്കറി മേഖലയിൽ വിപണന സൗകര്യം ശക്തിപ്പെടുത്തുന്നതിനായി 500 ലക്ഷം രൂപയുടെ പദ്ധതി എന്നിവ ആസൂത്രണം ചെയ്തിട്ടുണ്ട്.

| | | | |
|---|---|---|---|
| (ബി) | ഈ സാമ്പത്തിക വർഷത്തിൽ എന്തൊക്കെ നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്; | (ബി) | സംസ്ഥാനത്ത് ആവശ്യമായ പച്ചക്കറികൾ ഇവിടെ തന്നെ ഉത്പാദിപ്പിക്കുന്നതിനാവശ്യമായി 42.5 കോടിയുടെ ബൃഹത്തായ ഒരു പദ്ധതിക്ക് രൂപം നൽകി വരുന്നു. ബ്ലോക്കുകൾ കേന്ദ്രമാക്കിയുള്ള ക്ലസ്റ്ററുകളുടെ അടിസ്ഥാനത്തിൽ പദ്ധതി നടപ്പിൽ വരുത്തും. സ്ഥാപനങ്ങൾ വഴി പച്ചക്കറി കൃഷി, പുരയിടങ്ങളിൽ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കൽ പരിശീലനവും പ്രചാരണവും, അർബൻ ക്ലസ്റ്റർ പ്രോത്സാഹനം, ജില്ലാ ക്ലസ്റ്റർ വികസനം, |

പോളിഹൗസും ഓപ്പൺ ഹൈടെക് കൃഷി , പച്ചക്കറി കൃഷിക്ക് കേരള കാർഷിക സർവ്വകലാശാലയ്ക്കുള്ള സഹായം എന്നിവയാണ് ഈ പദ്ധതിയുടെ മുഖ്യ ഘടകങ്ങൾ. ഈ സാമ്പത്തിക വർഷത്തിൽ തിരുവനന്തപുരം ജില്ലയിൽ നടപ്പിലാക്കിയ 'വെജിറ്റബിൾ ഇൻഷ്യേറ്റീവ് ഫോർ പെരി അർബൻ ക്ലസ്റ്റേഴ്സ്' പദ്ധതി എറണാകുളം, കോഴിക്കോട് തുടങ്ങിയ ജില്ലകളിൽ കൂടി വ്യാപിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്. സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ ആർ.കെ.വി.വൈ-യുടെ സാമ്പത്തിക സഹായത്തോടുകൂടി ഇടുക്കി ജില്ലയിലെ ദേവിക്കുളം ബ്ലോക്കിലെ കാന്തല്ലൂർ, വട്ടവട പഞ്ചായത്തുകളിൽ വാണിജ്യാടി സ്ഥാനത്തിലുള്ള ശീതകാല പച്ചക്കറി കൃഷി വ്യാപിപ്പിക്കുന്നതിനായി ഒരു പദ്ധതി രൂപീകരിച്ച് ഈ സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കി വരുന്നു. ഇതിനായി 1164.05 ലക്ഷം രൂപയുടെ പദ്ധതിക്ക് അനുമതി ലഭിച്ചു കഴിഞ്ഞു. കൂടാതെ വി.എഫ്.പി.സി.കെ മുഖാന്തിരം താഴെ പറയുന്ന പദ്ധതികളും നടപ്പാക്കുന്നു.

- 14 ജില്ലകളിലും കൂടുതൽ പ്രദേശങ്ങളിലേക്ക് പച്ചക്കറി കൃഷി വ്യാപിപ്പിക്കുകയും അതുവഴി 2012–13 കാലയളവിൽ വി.എഫ്.പി.സി.കെ. കർഷകരുടെ പച്ചക്കറി കൃഷി 22000 ഹെക്ടറിലേക്ക് വ്യാപിപ്പിക്കുകയും ചെയ്യുക.
- 650 പുതിയ സ്വാശ്രയ സംഘങ്ങൾ രൂപീകരിക്കുകയും 20000 പുതിയ കർഷകരെ വി.എഫ്.പി.സി.കെ.യിൽ അംഗങ്ങളാക്കുകയും ചെയ്യുക.

- കർഷക പരിശീലന പരിപാടികൾ സംഘടിപ്പിക്കുക,ഗുണമേന്മയുള്ള 65 മെട്രിക് ടൺ പച്ചക്കറി വിത്ത് ഉല്പാദിപ്പിച്ച് വിതരണം നടത്തുക
- ശീതകാല പച്ചക്കറി കൃഷി 100 ഹെക്ടറിലേയ്ക്ക് വ്യാപിപ്പിക്കുക
- ഉയർന്ന ഉൽപ്പാദനക്ഷമതയുള്ള പച്ചക്കറി ഇനങ്ങളുടെ 25 ലക്ഷം തൈകൾ ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്യുക.
- പച്ചക്കറി കൃഷിയിൽ നൂതന സാങ്കേതിക വിദ്യകളായ പ്രിസിഷൻ ഫാമിങ്ങ്, ഹൈടെക് അഗ്രിക്കൾച്ചർ, പോളി ഹൗസ് പദ്ധതി മുതലായവ നടപ്പിലാക്കുക
- 60 കോടി രൂപ പഴം പച്ചക്കറിമേഖലയിലെ കർഷകർക്ക് വിവിധ ബാങ്കുകൾ വഴി വായ്പയായി ലഭ്യമാക്കുക.
- പഴം പച്ചക്കറി വിളകൾക്ക് ഇൻഷുറൻസ് പരിരക്ഷ നൽകുകയും കർഷകർക്ക് ആരോഗ്യ ഇൻഷുറൻസ് പദ്ധതിയും, ലൈഫ് ഇൻഷുറൻസ് പദ്ധതിയും നടപ്പിലാക്കുകയും ചെയ്യുക .
- ഓർഗാനിക് ഫാമിങ് കൃഷിരീതി പ്രോത്സാഹിപ്പിക്കുക
- മണ്ണ് പരിശോധന നടത്തുകയും സോയിൽ ഹെൽത്ത് കാർഡ് വിതരണം ചെയ്യുകയും ചെയ്യുക
- കൗൺസിലിന്റെ വിപണിവഴി യുള്ള വ്യാപാരം 3 ലക്ഷം ടണ്ണായി ഉയർത്തുവാനുള്ള നടപടികൾ സ്വീകരിക്കുക
- കർഷക പങ്കാളിത്തത്തോടെയുള്ള കാലാവസ്ഥാ വിവരശേഖരണം നടത്തുക
- ഓട്ടോമാറ്റിക് വെതർ

സ്റ്റേഷനുകളിൽ നിന്നുള്ള ഡാറ്റ വിശകലനം ചെയ്ത് കർഷകരിലെത്തിക്കുക

- 14 പുതിയ കാർഷിക വിപണികളുടെ രൂപീകരണം, 274 നിലവിലുള്ള വിപണികളുടെ നിലനിൽപ്പ്, സ്വാശ്രയത്വം എന്നിവയ്ക്കുള്ള സഹായം
- കർഷക വിപണികളുടെ വികസനവും, നെറ്റ് വർക്കിംഗ് സംവിധാനം ഏർപ്പെടുത്തലും നടപ്പിലാക്കുക
- Fair Price സംവിധാനം നടപ്പിലാക്കുകയും എല്ലാ ഉല്പന്നങ്ങൾക്കും അടിസ്ഥാനവില നിശ്ചയിക്കുകയും ചെയ്യുക
- പഴം പച്ചക്കറി മേഖലയിലെ ഉല്പന്നങ്ങൾ മൂല്യവർദ്ധിത ഉല്പന്നങ്ങളാക്കി മാറ്റി വിപണനം നടത്തുവാനുള്ള പദ്ധതികൾ നടപ്പിലാക്കുക

(സി) ഉല്പാദിപ്പിക്കുന്ന പച്ചക്കറികൾ കേടുകൂടാതെ സൂക്ഷിക്കുവാൻ ആവശ്യമായ സംവിധാനം ഉണ്ടോ ;

(സി) കേരളത്തിൽ ഉത്പാദിപ്പിക്കുന്ന പച്ചക്കറികൾ കേടുകൂടാതെ സൂക്ഷിച്ച് വയ്ക്കുന്നതിന്റെ ഭാഗമായി താഴെ കാണിച്ചിട്ടുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.

1) ആനയറ നഗരമൊത്ത വ്യാപാര വിപണിയിൽ 18 ടൺ ശേഷിയുള്ള 6 മുറികളോടുകൂടി ഒരു ശീതികരണശാല 2010-11-ൽ സ്ഥാപിച്ചത് നല്ല രീതിയിൽ പ്രവർത്തിച്ചു വരുന്നു.

2)2011-12-ലെ മാർക്കറ്റ് ഡെവലപ്പ്മെന്റ് സ്കീമിന്റെ ഭാഗമായി മൂവാറ്റുപുഴ ഗ്രാമീണമൊത്ത വ്യാപാര വിപണിയിൽ 18 ടൺ ശേഷിയുള്ള ശീതികരണശാല സ്ഥാപിച്ചു കഴിഞ്ഞു. ഇതിന്റെ പ്രവർത്തനം ഉടൻ ആരംഭിക്കുന്നതാണ്. ഇതിനു പുറമേ

സുൽത്താബത്തേരി മൊത്തവ്യാപാര വിപണിയിലും 18 ടൺ ശേഷിയുള്ള ശീതികരണശാല സ്ഥാപിക്കുന്നതിന്റെ പണികൾ ആരംഭിച്ചു കഴിഞ്ഞു.

3) 2012-13-ൽ മരട്, വേങ്ങേരി എന്നീ നഗര മൊത്ത വ്യാപാരവിപണികളിലും ശീതികരണശാലകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

കൂടാതെ ഹോർട്ടികോർപ്പിന് പച്ചക്കറികൾ കേടുകൂടാതെ സൂക്ഷിക്കുവാൻ പാലക്കാട് എരുത്തിയാംപതിയിലും മൂന്നാറിലും ശീതികരണ സംഭരണ ശാലകൾ നിലവിലുണ്ട്.

(ഡി) ഇല്ലെങ്കിൽ ഇത് പ്രാവർത്തികമാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ ?

(ഡി) പച്ചക്കറികൾ കേട് കൂടാതെ സൂക്ഷിക്കുവാൻ സംവിധാനം ഇല്ലാത്ത മരട് , വേങ്ങേരി എന്നീ നഗര മൊത്ത വ്യാപാര വിപണികളിൽ ശീതികരണ ശാലകൾ ആരംഭിക്കു ന്നതിനുള്ള നടപടികൾ 2012-13 സാമ്പത്തിക വർഷം സ്വീകരിച്ചു വരുന്നു.

വി.എഫ്.പി.സി.കെ.യുടെ ആഭിമുഖ്യത്തിൽ പച്ചക്കറി ഉൽപ്പന്നങ്ങൾ കേടുകൂടാതെ സംഭരിക്കുന്നതിനായി പരീക്ഷണാടിസ്ഥാനത്തിൽ ഇടുക്കിയിൽ തോപ്രാംകുടിയിലും പാലക്കാട് എലവഞ്ചേരിയിലും ഓരോ ശീതീകരണ സംഭരണികൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ ഹോർട്ടികോർപ്പിന് പച്ചക്കറികൾ കേടുകൂടാതെ സൂക്ഷിക്കുവാൻ പാലക്കാട് എരുത്തിയാംപതിയിലും മൂന്നാറിലും നിലവിലുള്ള ശീതികരണ സംഭരണശാലകളുടെ പ്രവർത്തനം സജ്ജമാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

(signature)

**സെക്ഷൻ ഓഫീസർ**